(സി) ഫിഷറീസ് വകുപ്പിന്റെ തെരച്ചിൽ ഫലപ്രദമാകാത്ത സാഹചര്യത്തിലും കടൽ പ്രക്ഷുബ്ധമാകുമ്പോഴും 60 ഫാത്തമിനുമേൽ കൂടുതൽ താഴ്ചയുള്ള ഉൾക്കടലിൽ തെരച്ചിൽ നടത്താനും കോസ്റ്റു ഗാർഡിന്റേയും നേവിയുടേയും സേവനം ആവശ്യപ്പെടാറുണ്ട്.

(ഡി) വിഴിഞ്ഞത്തു നിന്ന് പ്രസ്തുത ദിവസങ്ങളിൽ മത്സ്യബന്ധനത്തിനു പോയ 5 പേരെ കണ്ടെത്തുന്നതിന് ഡിപ്പാർട്ടുമെന്റ് വാടകയ്ക്കെടുത്ത ബോട്ടിൽ തെരച്ചിൽ നടത്തിയെങ്കിലും അവർ സ്വമേധയാ രക്ഷപ്പെട്ട് കരയ്ക്കെത്തി. നീണ്ടകരയിൽ 3 മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തിയിട്ടുണ്ട്. വൈപ്പിൻ ഫിഷറീസ് സ്റ്റേഷനിൽ ലഭിച്ച വിവരം അനുസരിച്ച് 5 മത്സ്യത്തൊഴിലാളികളെ തെരയുന്നതിന് പട്രോൾ ബോട്ട് പുറപ്പെട്ടു എങ്കിലും മോശമായ കാലാവസ്ഥ കാരണം മടങ്ങി. ബേപ്പൂരിൽ കടൽ വളരെ പ്രക്ഷുബ്ധമായതിനാൽ അവിടെ രക്ഷാബോട്ടിന് പ്രവർത്തനം നടത്താൻ കഴിഞ്ഞില്ല. ജില്ലാ അധികാരികളുമായി ബന്ധപ്പെട്ട് കോസ്റ്റ് ഗാർഡിന്റേയും നേവിയുടെയും സഹായം അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു.

കണ്ണൂർ ഫിഷറീസ് സ്റ്റേഷനിൽ വകുപ്പു വക ബോട്ടും കോസ്റ്റുഗാർഡും തെരച്ചിൽ നടത്തി. ആലപ്പുഴ, മലപ്പുറം, തൃശ്ശൂർ എന്നിവിടങ്ങളിൽ 5, 6 തീയതികളിൽ അനിഷ്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. കാസർഗോഡ് കാണാതായ 21 മത്സ്യത്തൊഴിലാളികളെ കണ്ടെത്താൻ കോസ്റ്റ് ഗാർഡിന്റേയും നേവിയുടേയും സേവനം അഭ്യർത്ഥിച്ചിരുന്നു.

(ഇ) സംസ്ഥാനത്തൊട്ടാകെ 20 മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തി.

(എഫ്) 49 മത്സ്യത്തൊഴിലാളികൾ സ്വമേധയാ രക്ഷപ്പെട്ടു.

മത്സ്യത്തൊഴിലാളികൾക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പും രക്ഷാപ്രവർത്തനങ്ങളും

106 [269] ശ്രീ. വർക്കല കഹാർ:

,, ഇ. എം. അഗസ്തി:

,, ജോർജ് ജെ. മാത്യു:

,, കെ. സി. ജോസഫ്:

,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴയും ചുഴലിക്കാറ്റും ഉണ്ടാകുമെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിക്കുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം മുന്നറിയിപ്പുകൾ നൽകുമെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യബന്ധനത്തിന് പോയവർ തിരികെ വന്നില്ലെങ്കിൽ എന്തെല്ലാം രക്ഷാപ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇത്തരം മുന്നറിയിപ്പു ലഭിക്കുമ്പോൾ വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ വഴിയും മറ്റ് തീരദേശ ജില്ലാ ഓഫീസർമാർ വഴിയും വാർത്താമാദ്ധ്യമങ്ങളിൽ കൂടി പ്രചരണം നൽകുകയും കൂടാതെ തീരദേശത്ത് വ്യാപകമായ പ്രചാരണം നൽകുകയും ചെയ്യുന്നു.

(ബി) പ്രസ്തുത വിവരം ലഭിച്ചാൽ ഉടൻ രക്ഷാബോട്ടുകൾ ഉപയോഗിച്ച് രക്ഷാപ്രവർത്തനത്തിനായി തിരച്ചിൽ നടത്തുന്നു. ഇത്തരം ബോട്ടിൽ പരിശീലനം സിദ്ധിച്ച ലൈഫ് ഗാർഡുകളുടെ സേവനവും വയർലെസ് സംവിധാനവും ഉപയോഗപ്പെടുത്തുന്നു. ആവശ്യമായ സന്ദർഭങ്ങളിൽ നേവിയുടെയും കോസ്റ്റ് ഗാർഡിന്റേയും സേവനവും ഉപയോഗപ്പെടുത്തി വരുന്നു.

മത്സ്യബന്ധനകേന്ദ്രങ്ങളിൽ ബോട്ടുകൾ തീവച്ച് നശിപ്പിക്കുന്ന സംഭവം

107 [270] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധനകേന്ദ്രങ്ങളിൽ ബോട്ടുകൾ തീവെച്ച് നശിപ്പിക്കുന്ന സംഭവങ്ങൾ ആവർത്തിച്ചുണ്ടാകുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ എന്തെല്ലാം കരുതൽ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ഫിഷിംഗ് ബോട്ടുകൾ നശിപ്പിച്ച എത്ര കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത സംഭവങ്ങളിൽ നഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ;

(ഇ) മത്സ്യബന്ധനകേന്ദ്രങ്ങളിൽ നിലവിൽ എന്തെല്ലാം സുരക്ഷാ സംവിധാനങ്ങളാണുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ മത്സ്യബന്ധന മേഖലയിലെ വിവിധ സംഘടനാപ്രതിനിധികളുമായി ചർച്ചകൾ നടത്തുകയും ബോധവൽക്കരണം നടത്തിയും കടലിൽ പട്രോളിംഗ് ശക്തമാക്കിയും സമാധാന അന്തരീക്ഷം ഉറപ്പുവരുത്തുന്നു.

(സി) 41 കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly